REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഒൻപതു മാസത്തെ അനിശ്ചിതത്വങ്ങൾക്കും ആശങ്കകൾക്കും ഒടുവിൽ, ബഹിരാകാശ യാത്രിക സുനിത വില്യംസും മൂന്ന് സഹയാത്രികരും സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി.**
- **വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നതിന് സാങ്കേതിക കൂടിയാലോചനകൾ ഉടൻ ആരംഭിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **മുണ്ടക്കൈ- ചൂരൽമല പുനരധിവാസത്തിന് 51 ഗുണഭോക്താക്കൾ കൂടി സമ്മതപത്രം നൽകി.**
- **മലബാറിന്റെ ശ്രാവ്യസംസ്കാരത്തിന് അടിത്തറയിട്ട ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 75ാം വാർഷികാഘോഷ പരിപാടികൾക്ക് തുടക്കം**
- **ഇംഗ്ലണ്ടിൽ പുരുഷ കബഡി ലോകകപ്പിൽ ഇന്ത്യയും സ്ക്വാട്ലാൻഡും തമ്മിലെ മത്സരം സമനിലയിൽ.**

## വാർത്തകൾ വിശദമായി

ഒൻപതു മാസം നീണ്ട അനിശ്ചിതത്വങ്ങൾക്കും ആശങ്കകൾക്കും വിട നൽകി, ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക സുനിത വില്യംസും സഹയാത്രികൻ ബുച്ച് വിൽമോറും സുരക്ഷിതരായി ഭൂമിയിൽ തിരിച്ചെത്തി. ഇന്ന് പുലർച്ചെ 3.27നാണ് ഇരുവരെയും വഹിച്ച് എത്തിയ സ്പേക്സ് എക്സിന്റെ ഡ്രാഗൺ പേടകം മെക്സിക്കോ ഉൾക്കടലിൽ പാരച്യൂട്ടിൽ പറന്നിറങ്ങിയത്.നാസയുടെ നിക്ക് ഹേഗും റഷ്യൻ ബഹിരാകാശയാത്രികനായ അലക്സാണ്ടർ ഗോർബുനോവും ഇരുവർക്കുമൊപ്പം ഉണ്ടായിരുന്നു.

ഡെസ്ക് റിപ്പോർട്ട്

................<VOice>........

ലോകം നെഞ്ചിടിപ്പോടെ കാത്തിരുന്ന മണിക്കൂറുകൾക്ക് ഒടുവിൽ ഫ്ലോറിഡ തീരത്തിനു സമീപം അറ്റ്ലാന്റിക് സമുദ്രത്തിലെ ഗൾഫ് ഓഫ് അമേരിക്കയിലാണ് സുനിത വില്യംസിനെയും സംഘത്തെയും വഹിച്ച് ഡ്രാഗൺ പേടകം കടൽതൊട്ടത്. ഇന്ത്യൻ സമയം ഇന്നലെ രാവിലെ 10:35-ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് പുറപ്പെട്ട പേടകം 17 മണിക്കൂർ നീണ്ട യാത്രക്ക് ഒടുവിലാണ് ഭൂമിയിൽ എത്തിച്ചേർന്നത്. ഇന്ന് പുലർച്ചെ 2:41-ന് ഡീഓർബിറ്റ് ബേൺ പ്രക്രിയ ആരംഭിച്ചു. 44 മിനിറ്റിനു ശേഷം 3:27-ന് പേടകം കടലിൽ ഇറങ്ങി. പേടകത്തിൽ നിന്ന് എംവി മേഗൻ സ്പേസ് റിക്കവറി കപ്പലിൽ കയറ്റി യാത്രികരെ ഓരോരുത്തരെയായി പുറത്തെത്തിച്ചു. 4.25ഓടെ നാലു ബഹിരാകാശ യാത്രികരും പുറത്തിറങ്ങി. തുടർന്ന് ഇവരെ പ്രത്യേക സ്ട്രെച്ചറിൽ മെഡിക്കൽ പരിശോധനകൾക്കായി കൊണ്ടു പോയി.നാസയുടെ ഹൂസ്റ്റണിലെ കേന്ദ്രത്തിലേക്കാണ് യാത്രികരെ എത്തിക്കുക.

കഴിഞ്ഞ വർഷം ജൂൺ അഞ്ചിനാണ് ബോയിംഗ് സ്റ്റാർലൈനറിന്റെ ആദ്യ ക്രൂഡ് ഫ്ലൈറ്റിൽ സുനിത വില്യംസും ബുച്ച് വിൽമോറും ബഹിരാകാശ നിലയത്തിലേക്ക് പോയത്. എട്ട് ദിവസത്തെ ദൗത്യമായിരുന്നു ലക്ഷ്യം. എന്നാൽ, സ്റ്റാർലൈനർ പേടകത്തിന് പ്രൊപ്പൽഷൻ പ്രശ്നങ്ങൾ നേരിട്ടതോടെ ഇവർ ബഹിരാകാശത്ത് കുടുങ്ങുകയായിരുന്നു. രണ്ട് യാത്രികരും 286 ദിവസമാണ് ബഹിരാകാശത്ത് ചെലവഴിച്ചത്. ബഹിരാകാശാ യാത്രികരുമായി പറക്കാൻ അനുയോജ്യമല്ലാത്തതിനാൽ, ബോയിംഗ് സ്റ്റാർ ലൈനർ പേടകം സെപ്റ്റംബറിൽ ആളില്ലാതെ ഭൂമിയിൽ തിരിച്ചെത്തിച്ചിരുന്നു.

✪✪✪

വോട്ടർ ഐഡി ആധാറുമായി ബന്ധിപ്പിക്കുന്നതിന് സാങ്കേതിക കൂടിയാലോചനകൾ ഉടൻ ആരംഭിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. UIDAI യും തിരഞ്ഞെടുപ്പ് കമ്മീഷനിലെ സാങ്കേതിക വിദഗ്ധരും തമ്മിലാണ് കൂടിയാലോചന നടത്തുക. ന്യൂഡൽഹിയിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാർ, ആഭ്യന്തര മന്ത്രാലയ- നിയമ വകുപ്പ് സെക്രട്ടറിമാർ, UIDAI CEO തുടങ്ങിയവരുമായി ഇന്നലെ നടത്തിയ ചർച്ചയിലാണ് തീരുമാനം.

ഭരണഘടനയിലെ 326-ാം അനുച്ഛേദം, 1950 ലെ ജനപ്രാതിനിധ്യ നിയമം, സുപ്രീംകോടതി വിധികൾ എന്നിവ പ്രകാരമായിരിക്കും ഇത് നടപ്പിലാക്കുകയെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, നെതർലാൻഡ്സ് രാജ്യരക്ഷാമന്ത്രി റൂബൻ ബ്രക്കൽമാൻസുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പ്രതിരോധം, സുരക്ഷ, വിവരകൈമാറ്റം, പുതിയ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു. കൃത്രിമബുദ്ധി, അനുബന്ധ സാങ്കേതിക വിദ്യകൾ തുടങ്ങിയ മേഖലകളിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിന് ഇരുവരും തമ്മിൽ ധാരണയായി. നെതർലാൻസുമായി വിവിധ മേഖലകളിലെ പങ്കാളിത്തം ശക്തമാക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നതായി രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പത്താമത് റെയ്സിന് ഡയലോഗിന്റെ ഭാഗമായി വിദേശകാര്യമന്ത്രി ഡോ. S ജയശങ്കറും, നേപ്പാൾ വിദേശകാര്യമന്ത്രി ഡോ. അർസു റാണയും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധങ്ങൾ വിലയിരുത്തിയ ഇരുനേതാക്കളും വിവിധ മേഖലകളിലെ നിലവിലെ ഇടപെടലുകളെ കുറിച്ച് ചർച്ച ചെയ്തു. ജലവിഭവ വികസനത്തിൽ കൈവരിച്ച പുരോഗതി, ഇരു രാജ്യങ്ങളുടെയും വ്യാപാര ഗതാഗതത്തിലെ പ്രശ്നങ്ങൾ, പരസ്പര സഹകരണം, തുടങ്ങിയവ ചർച്ചയായി. ചർച്ച ഫലപ്രദമായിരുന്നുവെന്ന് ഡോ. അർസു റാണ ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഇന്ത്യൻ റെയിൽവേയെ ആധുനികവും കാര്യക്ഷമവും പരിസ്ഥിതി സൗഹൃദപരവുമായ ഗതാഗത സംവിധാനമാക്കി മാറ്റാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇന്ത്യൻ റെയിൽവേ മികച്ച സാമ്പത്തിക സ്ഥിതിയിലാണെന്നും അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് ശ്രമിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. റെയിൽവേ മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ലോക്സഭയിൽ ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു അശ്വിനി വൈഷ്ണവ്.

2020 മുതൽ രാജ്യത്ത് റെയിൽവേ യാത്രാ നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലെന്നും മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ റെയിൽവേ വളരെ

ചെലവുകുറഞ്ഞതാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടെ റെയിൽവേ അഞ്ച് ലക്ഷം ജോലികൾ നൽകിയിട്ടുണ്ടെന്നും ഒരു ലക്ഷത്തിലധികം പേരുടെ നിയമന പ്രക്രിയ പുരോഗമിക്കുകയാണെന്നും അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

✪✪✪

മുണ്ടക്കൈ- ചൂരൽമല പുനരധിവാസത്തിന് 51 ഗുണഭോക്താക്കൾ കൂടി സമ്മതപത്രം നൽകി. മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെ 51 ആളുകളാണ് സമ്മതപത്രം നൽകിയത്. ടൗൺഷിപ്പിൽ വീടിനായി 41 പേരും, സാമ്പത്തിക സഹായത്തിനായി നാലു പേരും, ഇത് നൽകിയവരിൽപ്പെടുന്നു. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഈ മാസം 24 വരെ സമ്മതപത്രം നൽകാം. ടൗൺഷിപ്പിൽ വീടുവേണോ, സാമ്പത്തിക സഹായം വേണോ എന്നതു സംബന്ധിച്ച ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏപ്രിൽ 20 ന് പ്രസിദ്ധീകരിക്കും.

അതിനിടെ, പുനരധിവാസ ടൗൺഷിപ്പിന്റെ രണ്ടാംഘട്ട കരട് 2-B ലിസ്റ്റ് പ്രകാരം ലഭിച്ച 238 അപേക്ഷകളിൽ ഹിയറിംഗ് നടത്തി.

✪✪✪

കാർഷിക മേഖലയുടെ സമഗ്രവളർച്ചയും കാലാവസ്ഥാ പ്രതിരോധ ശേഷി വർദ്ധനയും ലക്ഷ്യമിട്ട് കൃഷിവകുപ്പ്, ലോക ബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച "കേര" പദ്ധതിക്ക് ആദ്യ ഗഡു 139 കോടി 65 ലക്ഷം രൂപ ലഭിച്ചതായി മന്ത്രി P പ്രസാദ് അറിയിച്ചു. പദ്ധതിയുടെ മൊത്തം തുകയായ 2365.5 കോടി രൂപയിൽ, ഈ സാമ്പത്തിക വർഷത്തെ സഹായധനമാണ് അനുവദിച്ചതെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷിരീതിക്കും, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനും, കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുമാണ് കേര പദ്ധതി ലക്ഷ്യമിടുന്നത്.

✪✪✪

കോഴിക്കോട് കനത്ത മഴയിൽ ഓവുചാലിൽ വീണ് വയോധികൻ മരിക്കാനിടയായ സംഭവത്തിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും നഗരസഭാ സെക്രട്ടറിയുടെയും ഭാഗത്തു നിന്നുണ്ടായത് ഗുരുതര കൃത്യവിലോപമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് പറഞ്ഞു.

പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറും നഗരസഭാ സെക്രട്ടറിയും മരണം സംഭവിക്കാനിടയായ സാഹചര്യത്തെ കുറിച്ച് വിശദമായ റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കണമെന്നും കമ്മീഷൻ ഉത്തരവിട്ടു. ഏപ്രിലിൽ കോഴിക്കോട്ടെ സിറ്റിംഗിൽ കേസ് പരിഗണിക്കും. കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

മലബാറിന്റെ ശ്രാവ്യസംസ്കാരത്തിന് അടിത്തറയിട്ട ആകാശവാണി കോഴിക്കോട് നിലയത്തിന്റെ 75ാം വാർഷികാഘോഷ പരിപാടികൾക്ക് തുടക്കമായി. Crime Vs Creativity 'ഹിംസ അകലും സമൂഹം സർഗ്ഗാത്മകമാകുമ്പോൾ' എന്ന വിഷയത്തിൽ K P കേശവമേനോൻ ഹാളിൽ ഇന്നലെ പാനൽ ചർച്ച സംഘടിപ്പിച്ചു.

ന്യൂസ് ഡസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

......<VOICE>.....

മാധ്യമപ്രവർത്തകൻ പ്രമോദ് രാമൻ തിരക്കഥാകൃത്തും സാമൂഹ്യപ്രവർത്തകയുമായ ദീദി ദാമോദരൻ, കോഴിക്കോട് മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റ് ഡോ. വർഷ വിദ്യാധരൻ. യുവ എഴുത്തുകാരൻ ഗോകുൽ രാജ് തുടങ്ങിയവർ സർഗാത്മക സംവാദത്തിൽ പങ്കെടുത്തു. തുടർന്ന് ഷെബി സമന്തറും സംഘവും അവതരിപ്പിക്കുന്ന -'ഷെബി പാടുന്നു'. സംഗീത സായാഹ്നവും ഉണ്ടായിരുന്നു.

ഇന്ന് രാവിലെ K P കേശവമേനോൻ ഹാളിൽ 'ഒരു ദേശത്തിന്റെ കഥ' ചരിത്ര സെമിനാറിൽ ഡോ. MR രാഘവവാര്യർ ആമുഖ ഭാഷണം നടത്തും. ഡോ. ഷിനോയ് ജസിന്ത്, ഡോ.MP മുജീബു റഹ്മാന്, ഡോ. V.V ഹരിദാസ് തുടങ്ങിയവർ കോഴിക്കോടൻ ചരിത്രത്തിന്റെ ആഖ്യാനങ്ങളും ഉപാഖ്യാനങ്ങളും വിവരിക്കും. കോഴിക്കോടിന്റെ ചരിത്ര മുഹൂർത്തങ്ങൾ വെർച്വൽ റിയാലിറ്റിയിലൂടെ അനുഭവിച്ചറിയാൻ സെമിനാറിൽ അവസരം ഒരുക്കും.

നാളെ വൈകിട്ട് ടൗൺഹാളിൽ കോഴിക്കോട്ടെ മുതിർന്ന നാടക പ്രവർത്തകരെ ആദരിക്കും. തുടർന്ന് കോഴിക്കോട് രംഗഭാഷയുടെ 'മിഠായിത്തെരുവ് ' എന്ന നാടകവും അവതരിപ്പിക്കും.

✪✪✪

ഇംഗ്ലണ്ടിൽ പുരുഷ കബഡി ലോകകപ്പിൽ ഇന്ത്യയും സ്‌ക്വാട്‌ലാൻഡും തമ്മിലെ മത്സരം സമനിലയിൽ കലാശിച്ചു. 64-64 എന്ന സ്‌കോറിനാണ് ഇരു ടീമും സമനിലയിൽ പിരിഞ്ഞത്.

നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ ഇന്ന് ഹോങ്കോങ് ചൈനയുമായി മത്സരിക്കും. ഇന്ത്യൻ സമയം രാത്രി 10.30 ന് കവൻട്രിയിലാണ് മത്സരം.

✪✪✪

രോഗശയ്യയിൽ കിടക്കുന്നവരുടെയും വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്നവരുടെയും ആശ്രയമാണ് റേഡിയോ. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യമായി റേഡിയോ നൽകുന്ന പദ്ധതിക്ക് കണ്ണൂരിൽ ഹെൽപ് ആന്റ് ഹീൽ ചാരിറ്റബിൾ ഫൗണ്ടേഷൻ തുടക്കം കുറിക്കുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

....(വോയ്സ്).........

✪✪✪

മാരകമായ അസുഖങ്ങളാൽ കഷ്ടത അനുവഭവിക്കുന്നവർക്ക് മരുന്നും ചികിത്സയും ലഭ്യമാക്കുന്ന ആരോഗ്യപദ്ധതിയായ 'അൻപോടെ തൃത്താല നടപ്പാക്കുന്നതിന് മന്ത്രി എം ബി രാജേഷിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു.

അയ്യായിരം പേരിൽ നിന്ന് പ്രതിമാസം 100 രൂപ വീതം സമാഹരിച്ചാണ് ഇതിന്റെ ചെലവ് കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് സംഘടകർ അറിയിച്ചു. സൺഡേ ക്ലിനിക്, 24 മണിക്കൂറും സേവനം നടത്തുന്ന ആംബുലൻസ് സർവീസ്, ജനങ്ങളുടെ മാനസിക ആരോഗ്യം ഉറപ്പ് വരുത്തുന്ന ഹാപ്പിനെസ്സ് പ്രോഗ്രാം എന്നിവ കൂടി അൻപോടെ തൃത്താല പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

✪✪✪

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കേരള വനിതാ കമ്മീഷൻ പ്രഖ്യാപിച്ച സ്ത്രീ ശക്തി പുരസ്കാരം പ്രമുഖ സാഹിത്യകാരി സതി കൊടക്കാടിന് സമ്മാനിച്ചു. ട്രോഫിയും പ്രശസ്തിപത്രവും 10,000 രൂപയും അടങ്ങുന്നതാണ് അവാർഡ്. വനിതാ കമ്മീഷൻ ചെയർപേഴ്സൺ P. സതീദേവിയും, അംഗം P. കുഞ്ഞായിഷയും കാസർകോഡ് പിലിക്കോട് കൊടക്കാട്ടെ സതിയുടെ വീട്ടിലെത്തിയാണ് അവാർഡ് സമ്മാനിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിലെ ക്രഷർ, ക്വാറി ഉടമകൾ ഉൽപന്നങ്ങൾക്ക് ഏകപക്ഷീയമായി വില വർധിപ്പിക്കുന്നു എന്നാരോപിച്ച് സംയുക്ത സമര സമിതി ഇന്ന് നടത്താനിരുന്ന സമരം പിൻവലിച്ചു. തലശ്ശേരി സബ്കലക്ടർ കാർത്തിക് പാണിഗ്രഹി വിളിച്ചു ചേർത്ത യോഗത്തിലാണ് തീരുമാനം.

✪✪✪

കോഴിക്കോട്ട് ഹോംസ്റ്റേ നടത്തിപ്പിന്റെ മറവിൽ MDMA വിൽപന നടത്തിയ ഒരാളെ പിടികൂടി. പയ്യാനക്കൽ സ്വദേശി ഇസ്മൈലിനെയാണ് നാർക്കോട്ടിക്ക് സെല്ലും, ഡാൻസാഫും, ചേവായൂർ പൊലീസും ചേർന്ന് പിടികൂടിയത്. NGO കോർട്ടേഴ്സിന് സമീപം ഹോം സ്റ്റേ നടത്തുകയായിരുന്ന ഇയാളിൽ നിന്ന് ഒന്നര ഗ്രാം MDMA കണ്ടെടുത്തു.

ബംഗളൂരുവിൽ നിന്നെത്തിച്ച മയക്കുമരുന്ന് കോഴിക്കോട്ട് ചില്ലറ വില്പന നടത്തുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇയാൾ പൊലീസ് നിരീക്ഷണത്തിലായിരുന്നു.

✪✪✪

പാലക്കാട് മണ്ണാർക്കാട് വീട്ടിലെ അടുക്കളയിൽ സൂക്ഷിച്ച അഞ്ച് കിലോ കഞ്ചാവ് പൊലീസ് പിടികൂടി. സംഭവുമായി ബന്ധപ്പെട്ട് വടക്കേപ്പുറം ഭാനുമതിയെ പൊലീസ് അറസ്റ്റ് ചെയ്തു.

വീട്ടുപരിസരത്ത് കഞ്ചാവ് ചെടി വളർത്തിയ സംഭവത്തിൽ ഒരാളെയും എക്സൈസ് പിടികൂടി. പാലക്കാട് വണ്ടുംതറ പാറപ്പുറം വീട്ടിൽ സതീഷ് ആണ് പിടിയിലായത്.

പുതുശേരി ഈസ്റ്റ് ഗണേശപുരത്തെ ടോൾ പ്ലാസക്ക് സമീപം ഏഴ് കിലോ കഞ്ചാവുമായി രണ്ട് പശ്ചിമ ബംഗാൾ സ്വദേശികളും പൊലീസിന്റെ പിടിയിലായി.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*News Team:അബ്ദുൽ കബീർ*
*DEO : ഷീബ*